**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംരംഭകത്വ-തൊഴിൽ സൃഷ്ടിക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംരംഭകത്വ-തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ അനുവദിച്ചിട്ടുള്ള സഹായങ്ങളുടെ വിശദാംശം നൽകാമോ; | (എ) | സഹകരണ സംരംഭകത്വം തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ അനുവദിച്ചിട്ടുള്ള സഹായങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കപ്പെട്ടിട്ടുള്ള 30 യുവസഹകരണ സംഘങ്ങളിൽ 24 യുവസഹകരണ സംഘങ്ങൾക്ക് സഹകരണ സംരംഭകത്വം തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ ഭാഗമായി 240.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 5.00 ലക്ഷം രൂപ ഓഹരിയും 5.00 ലക്ഷം രൂപ സബ്സിഡിയും ഉൾപ്പെടെ ആകെ 10.00 ലക്ഷം രൂപയാണ് ഒരു യുവ സഹകരണ സംഘത്തിന് ധനസഹായമായി അനുവദിച്ച് നൽകിയിട്ടുള്ളത്.<br><br>2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയായ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) യിൽ ഉൾപ്പെടുത്തി മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും ഉൾപ്പെടെയുള്ള ഘടകങ്ങൾക്കായി 20 സഹകരണ സംഘങ്ങൾക്കായി നാളിതുവരെ 751.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "**സഹകരണം സൗഹൃദം**" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ വരെ വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയ്ക്കായി നാളിതുവരെ 519 വായ്പകളിലായി 4.3 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി പരാമാവധി 20,000/- രൂപ വരെ വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി **"സഹായ ഹസ്തം"** എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത വായ്പ അനുവദിക്കുന്നതു വഴി സമൂഹത്തിന്റെ വിവിധ മേഖലയിലുള്ള വ്യക്തികളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ആയതു വഴി സഹകരണ സംഘങ്ങളുടെ പ്രവർത്തമേഖല വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ടി പദ്ധതി പ്രകാരം നാളിതുവരെ 791 വായ്പകളിലായി 1.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വനിത സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | സഹകരണ സംരംഭകത്വം തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ ഭാഗമായി വനിതാ സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ '**വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**' പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 2023-24 സാമ്പത്തികവർഷം 13 വനിതാ സഹകരണ സംഘങ്ങൾക്കായി 97.56 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ